# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

അധിക വിഭവ സമാഹരണ ലക്ഷ്യം

519 ശ്രീ. എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
'' രാജു എബ്രഹാം
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ബജറ്റിൽ പ്രതീക്ഷിച്ച അധിക വിഭവ സമാഹരണ ലക്ഷ്യം കൈവരിക്കുകയുണ്ടായോ; അധിക വിഭവ സമാഹരണം ഉൾപ്പെടെ മൊത്തം റവന്യൂ വരുമാനം പ്രതീക്ഷിച്ചത് എത്രയായിരുന്നു; മുൻ വർഷത്തെ അപേക്ഷിച്ച് നടപ്പു വർഷം റവന്യൂ വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവ് പ്രതീക്ഷിച്ചിരുന്നു; പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം വർദ്ധന ഉണ്ടായി; പ്രതീക്ഷിച്ച സ്റ്റേറ്റ് ടാക്സ് & ഡ്യൂട്ടീസ് എന്തു തുക വീതമായിരുന്നു; ആയതിന്റെ എത്ര ശതമാനം നേട്ടം ഇതിനകം ഉണ്ടായി; മുൻ വർഷം എത്രയായിരുന്നു;

(ബി) സംസ്ഥാനത്തിന്റെ പ്രമുഖമായിട്ടുള്ള വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണ്; ഓരോ സ്രോതസ്സിലൂടെയും തന്നാണ്ടിൽ പ്രതീക്ഷിച്ച വരുമാനവും ഇതിനകം ലഭിച്ച വരുമാനവും വിശദമാക്കാമോ;

(സി) ചെക്ക് പോസ്റ്റുകളിൽ നികുതി ചോർച്ച ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നികുതി പിരിവിലെ കാര്യക്ഷമത പുന:സ്ഥാപിക്കാൻ മുൻ സർക്കാരിന്റെ നടപടിക്ക് തുടർച്ച ഉറപ്പാക്കുമോ;

(ഡി) വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിച്ചപ്പോൾ ആനുപാതികമായി ഇതിന്മേലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഈ രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**
അധിക വിഭവ സമാഹരണം

520 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതികൾ പുതുതായി ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തിയും ഓരോ വർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എന്തു തുക വീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണലക്ഷ്യവും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും യഥാർത്ഥത്തിൽ എത്ര തുക സമാഹരിക്കപ്പെട്ടു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

2013-14 സാമ്പത്തിക വർഷത്തെ അധിക വിഭവ സമാഹരണം

521 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം അധിക വിഭവ സമാഹരണം നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു;

(ബി) പ്രഖ്യാപനമനുസരിച്ച് ഏതെല്ലാം ഇനങ്ങളിൽ എന്ത് തുക വീതം ഇതിനകം അധികമായി സമാഹരിക്കുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; നടപ്പ് സാമ്പത്തിക വർഷം പിന്നിടുമ്പോൾ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന തുക എത്ര വീതമാണ് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

2013-14 ബഡ്ജറ്റ് പ്രഖ്യാപനം

522 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മൊത്തം തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) യഥാർത്ഥത്തിൽ തുക ബഡ്ജറ്റിൽ വകയിരുത്താത്തതും എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ പദ്ധതികളുടെ തുക തമ്മിലുള്ള വ്യത്യാസം എത്രയായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വ്യത്യാസം പരിഹരിക്കാനാവശ്യമായ വിഭവസമാഹരണം കണ്ടെത്താൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ടോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

നടപ്പ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ

523 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു ബഡ്ജറ്റിൽ യഥാർത്ഥത്തിൽ തുകവകയിരുത്തിയിട്ടില്ലാത്ത ഏതെല്ലാം പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുളളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതെല്ലാം നടപ്പാക്കിയിട്ടുണ്ട്, നടപ്പിലാകാത്ത പദ്ധതികൾ ഏതൊക്കെയാണ്; ഇനം തിരിച്ചുളള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>വിവിധ പദ്ധതികൾക്ക് കണക്കാക്കപ്പെട്ട മൊത്തം പദ്ധതി ചെലവ്</u>

524 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ, കൊച്ചി മെട്രോ, ഇടുക്കി പാക്കേജ്, ഉൾനാടൻ ജലഗതാഗതം, വയനാട് പാക്കേജ്, മുല്ലപ്പെരിയാർ ഡാം, ഹൈസ്പീഡ് റെയിൽവെ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പ്രോജക്ട്, മൊബിലിറ്റി ഹബ്ബ്, നീരവികസന പദ്ധതി എന്നീ പദ്ധതികൾക്ക് കണക്കാക്കപ്പെട്ട മൊത്തം പദ്ധതി ചെലവ്, 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക, ഇതേ കാലയളവിൽ യഥാർത്ഥത്തിൽ ഖജനാവിൽനിന്നും ചെലവഴിച്ച തുക, പദ്ധതി നിർവ്വഹണം എത്ര ശതമാനം പൂർത്തീകരിച്ചു എന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**

**07.01.2014-ലെ മറുപടിക്ക്**

വന്‍കിട സ്വപ്ന പദ്ധതികള്‍ക്കായുള്ള ഉന്നതതല സമിതി

525 ശ്രീ. വര്‍ക്കല കഹാര്‍
'' ഐ. സി. ബാലകൃഷ്ണന്‍
'' ഡൊമിനിക് പ്രസന്റേഷന്‍
'' ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വന്‍കിട സ്വപ്ന പദ്ധതികള്‍ക്ക് പണം വിനിയോഗിക്കുന്നതിനായി ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ ഘടന സംബന്ധിച്ചുള്ള വിവരങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) കമ്മിറ്റിയുടെ ദൗത്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത വന്‍കിട പദ്ധതികള്‍ക്ക് യഥാസമയം പണം ലഭ്യമാക്കുന്നതിനും അവക്ക് നീക്കിവച്ച തുക ലാപ്സാകാതെ യഥാസമയം വിനിയോഗിക്കുന്നതിനുമായി എന്തെല്ലാം മാര്‍ഗ്ഗങ്ങളാണ് ദൗത്യത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>14-ാം ധനകാര്യ കമ്മീഷൻ</u>

526 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സാഹചര്യങ്ങൾ പഠിക്കുവാൻ 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ആരൊക്കെയായിട്ടാണ് കമ്മീഷൻ ചർച്ച നടത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മീഷനോട് എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന് കേന്ദ്ര നികുതി വരുമാന വിഹിതം വർദ്ധിപ്പിക്കുന്നതും പ്രത്യേക ഗ്രാന്റുകൾ അനുവദിക്കുന്നതും സംബന്ധിച്ച ആവശ്യങ്ങൾ ധനകാര്യ കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പതിനാലാം ധനകാര്യകമ്മീഷന് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടം</u>

527 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യകമ്മീഷന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ; മെമ്മോറാണ്ടം തയ്യാറാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; ഇതു സംബന്ധിച്ച് ആരെല്ലാമായി ചർച്ച നടത്തി;

(ബി) പതിനാലാം ധനകാര്യകമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പതിമൂന്നാം ധനകാര്യ കമ്മീഷൻ</u>

528 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച സാമ്പത്തിക ക്രമീകരണ മാർഗ്ഗരേഖ പ്രകാരം 2013-14 ആകുമ്പോഴേക്കും ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമായി കുറയ്ക്കേണ്ടതായിരുന്നു; എത്ര ശതമാനമായി കുറക്കാൻ കഴിഞ്ഞു;

(ബി) 2014-15 ഓടെ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കണമെന്ന മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; ഉണ്ടെങ്കിൽ ഇപ്പോൾ റവന്യൂ കമ്മി എത്രയാണെന്ന് വിശദമാക്കുമോ;

(സി) ധനകമ്മിയും റവന്യൂകമ്മിയും തുടക്കത്തിലുള്ളപോലെയും പതിമൂന്നാം ധനകമ്മീഷൻ നിഷ്കർഷിച്ചതു പോലെയും ക്രമീകരിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തായിരുന്നു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

രഘുറാം രാജൻ സമിതി

529 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രഘുറാം രാജൻ സമിതി കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശുപാർശകൾ, സംസ്ഥാനത്തെ സംബന്ധിച്ച് ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പതിറ്റാണ്ടുകളിലൂടെ സാമൂഹ്യ ക്ഷേമ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ പേരിൽ കേന്ദ്രഫണ്ട് കുറയാനിടയാകുന്ന സാഹചര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) കേന്ദ്ര ധനകമ്മീഷൻ റിപ്പോർട്ടിനെ നയിക്കുന്ന രഘുറാംരാജൻ സമിതി ഫോർമുല തള്ളിക്കളയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ത സാഹചര്യമുള്ള കേരളത്തെ പരിഗണിക്കതായി പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്താൻ സാധ്യതയുണ്ടോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

റിസർവ് ബാങ്കിന്റെ വിലയിരുത്തൽ

530 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം ധനിക സംസ്ഥാനമാണെന്ന റിസർവ് ബാങ്കിന്റെ വിലയിരുത്തൽ മൂലം കേന്ദ്രവിഹിതത്തിൽ കുറവ് വരുത്തരുതെന്ന ആവശ്യം പതിനാലാം ധനകാര്യ കമ്മീഷനെ ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് പതിനാലാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ''കസ്തൂരിരംഗൻ'' റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

2013 ഏപ്രിൽ 1-ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിച്ചവരുടെ പെൻഷൻ

T531 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013 ഏപ്രിൽ ഒന്നിന് ശേഷം എത്രപേർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നടപ്പിലാക്കിയ പുതിയ പെൻഷൻ സ്കീം പ്രകാരം പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് വിഹിതം പിടിച്ചിട്ടുണ്ടോ;

(സി) ജീവനക്കാരുടെ വിഹിതത്തോടൊപ്പം സർക്കാർ വിഹിതവും ചേർത്ത് എവിടെയാണ് തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരുടെ പണിമുടക്ക് അവസാനിപ്പിച്ചുകൊണ്ടുള്ള ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം സംസ്ഥാന ട്രഷറിയിൽ പ്രസ്തുത തുക നിക്ഷേപിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്ക് ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും നിക്ഷേപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

T532 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി എന്നു മുതൽ പ്രാബല്യത്തിൽ വരുത്തിയാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നു വ്യക്തമാക്കുമോ; ഇത് ഏത് കാലയളവിന് ശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്കാണ് ബാധകമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ ഉത്തരവ് പ്രാബല്യത്തിൽ വന്നതിനു ശേഷം നാളിതുവരെ പെൻഷൻ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി എന്തു തുക അടച്ചിട്ടുണ്ടെന്നും ജീവനക്കാരിൽ നിന്ന് ഇതിലേക്കുള്ള വിഹിതമായി എന്ത് തുക ഈടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെ പ്രസ്തുത തുക അടയ്ക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ ഉത്തരവ് പിൻവലിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ നടപ്പിലാക്കിയ സ്റ്റാറ്റ്യൂട്ടറി പെന്‍ഷന്‍</u>

533 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെന്‍ഷന്‍ നിര്‍ത്തലാക്കി പങ്കാളിത്ത പെന്‍ഷന്‍ എന്നു മുതലാണ് നടപ്പിലാക്കിയതെന്നും അതിനുശേഷം നാളിതുവരെ എത്രപേര്‍ സര്‍വ്വീസില്‍ പ്രവേശിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇവരില്‍നിന്നും നാളിതുവരെ എന്ത് തുക പെന്‍ഷന്‍ ഫണ്ടിലേയ്ക്ക് പിരിച്ചെടുത്തു; എത്ര തുക സര്‍ക്കാര്‍ വിഹിതമായി അടച്ചു; വിശദമാക്കുമോ;

(സി) പങ്കാളിത്ത പെന്‍ഷന്‍ തുക എവിടെയാണ് നിക്ഷേപിക്കുന്നതെന്നും പെന്‍ഷന്‍ പറ്റുന്ന പങ്കാളിത്ത പെന്‍ഷന്‍കാര്‍ക്ക് എത്ര തുക മിനിമം പെന്‍ഷനായി ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) ഓള്‍ ഇന്ത്യാ സര്‍വ്വീസ് ഉദ്യോഗസ്ഥരായി എത്തുന്നവര്‍ക്ക് 2004 ജനുവരി ഒന്നു മുതല്‍ നടപ്പാക്കിയ പങ്കാളിത്ത പെന്‍ഷന്‍ ഫണ്ടിലേയ്ക്ക് എന്ത് തുക നാളിതുവരെ അടച്ചു; പ്രസ്തുത ജീവനക്കാരില്‍നിന്നും നാളിതുവരെ എന്ത് തുക പിരിച്ചെടുത്തു; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ

534 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ ഏതു തീയതി മുതലാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു പ്രകാരം എത്ര ജീവനക്കാർ പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) 2013 ഏപ്രിൽ 1 നു ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ എത്ര ജീവനക്കാർ പ്രവേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരിൽ നിന്നും പ്രതിമാസം എത്ര തുകയാണ് പ്രസ്തുത പദ്ധതി പ്രകാരം ഈടാക്കുന്നത് എന്ന് വിശദമാക്കാമോ;

(ഇ) ഇതുപ്രകാരം ഇതിനകം എത്ര തുക ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എഫ്) ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ വിഹിതമായി എത്ര തുക പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ജി) ഇതുപ്രകാരം ശേഖരിക്കുന്ന തുക ഏതു ധനകാര്യസ്ഥാപനത്തിലാണ് നിക്ഷേപിച്ചതെന്ന് വിശദമാക്കാമോ;

(എച്ച്) ഇതുപ്രകാരം സംസ്ഥാന സർക്കാർ ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇതിനകം നിക്ഷേപിച്ചുവെന്ന് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ</u>

T535 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 01.04.2013 മുതൽ സർവ്വീസിൽ കയറിയ ജീവനക്കാർക്ക് ഏതു പെൻഷൻ പദ്ധതിയാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തീയതി മുതൽ സർക്കാർ സർവ്വീസിൽ എത്ര ജീവനക്കാർ പുതുതായി നിയമനം നേടിയിട്ടുണ്ട്;

(സി) പ്രസ്തുത ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ബാധകമാണോ; ഇവരിൽ നിന്ന് പെൻഷൻ ഫണ്ടിലേക്ക് തുക പിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം; പ്രസ്തുത തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; സംസ്ഥാന ട്രഷറിയെ ഫണ്ട്മാനേജരായി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) നാളിതുവരെയും തുക പിടിച്ചിട്ടില്ലെങ്കിൽ ഇവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ജീവനക്കാർ പെൻഷൻ ഫണ്ടിലേയ്ക്ക് തുകയെല്ലാം ഒന്നിച്ച് അടയ്ക്കേണ്ടി വരുമോ;

(ഇ) കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെല്ലാം അത് വേണ്ട രീതിയിൽ പ്രാവർത്തികമാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(എഫ്) പൂർണ്ണമായി സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിൽക്കുന്ന സംസ്ഥാനങ്ങൾ ഉണ്ടോ; എങ്കിൽ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ജി) കോൺട്രിബ്യൂട്ടറി പെൻഷനിൽ മിനിമം പെൻഷൻ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ മാനദണ്ഡം വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

## നാഷണൽ പെൻഷൻ പദ്ധതി

536 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 01-04-2013 ന് ശേഷം സർക്കാർ സർവ്വീസുകളിൽ ഇതുവരെ എത്ര ജീവനക്കാരെ നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച 7-1-2013 ലെ ധനകാര്യവകുപ്പ് 20-ാം നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ വിഹിതമായി എത്ര തുക നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും നയപരമായ തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

537 ശ്രീ. ജി. സുധാകരൻ
,, രാജു എബ്രഹാം
,, കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി എന്ന് മുതലാണ് നടപ്പിലാക്കിയതെന്നും ഇതിന്റെ വിശദാംശം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും പിരിച്ച് ട്രഷറിയിൽ നിക്ഷേപിക്കാനാണോ തീരുമാനിച്ചിരുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാർ ഏർപ്പെടുത്തിയതുപോലെ സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പെൻഷൻ ഫണ്ടു വിഹിതം നിക്ഷേപിക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(എഫ്) പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയതോടെ സർക്കാർ ജീവനക്കാരുടെ പി.എഫ്. വിഹിതം പിടിക്കുന്നതിൽ നിലവിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ</u>

538 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽ എന്നു മുതൽ സർവ്വീസ്സിൽ പ്രവേശിച്ചവർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിൽ വരുത്തിയത്;

(ബി) പ്രസ്തുത പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നാളിതു വരെ ജോലിയിൽ പ്രവേശിച്ച എത്ര സർക്കാർ ജീവനക്കാരാണ് ഉൾപ്പെടുന്നത്;

(സി) ഇവരിൽ നിന്നും ജീവനക്കാരുടെ വിഹിതമായി എന്തു തുക സർക്കാർ പിരിച്ചെടുത്തു; എന്തു തുക സർക്കാർ വിഹിതമായി സ്വരൂപിച്ചു;

(ഡി) പ്രസ്തുത തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത്;

(ഇ) തുക പിരിച്ചെടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

പങ്കാളിത്ത പെൻഷൻ കോൺട്രിബ്യൂഷൻ

539 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽനിന്നും അദ്ധ്യാപകരിൽനിന്നും പങ്കാളിത്തപെൻഷൻ നടപ്പാക്കിയതിന്റെ ഭാഗമായി എന്തു തുക വിഹിതമായി പിടിച്ചിട്ടുണ്ട്; സർക്കാർ വിഹിതമായി എത്ര തുക ഫണ്ട് മാനേജർമാർക്ക് അടച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കോൺട്രിബ്യൂഷൻ പിടിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

540 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 ഏപ്രിൽ മാസം മുതൽ സർവ്വീസിൽ പ്രവേശിച്ച എത്ര പേർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിരുന്നത് എന്ന് വ്യക്തമാക്കാമോ ; ഇവരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും പെൻഷൻ വിഹിതായി എന്ത് തുക വീതം പിടിക്കുന്നുവെന്നും, എന്ത് തുക ആകെ ലഭിച്ചിരിക്കുന്നുവെന്നും വ്യക്തമാക്കാമോ ; പ്രസ്തുത ജീവനക്കാരുടെ പെൻഷനുവേണ്ടി സർക്കാർ നിക്ഷേപിക്കേണ്ട തുക പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; ഇതിനുവേണ്ടി അധികമായി ചിലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർ</u>

541 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായി ഫണ്ട് മാനേജരായി ട്രഷറിയെ തീരുമാനിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

542 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷനു കീഴിൽ വരുന്ന ജീവനക്കാരുടെ പെൻഷൻ വിഹിതം അടച്ചിട്ടുണ്ടോ ; പ്രസ്തുത ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അടയ്ക്കുന്നകാര്യത്തിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കേന്ദ്രസർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി</u>

543 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്ക് ഏത് തീയതി മുതലാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന എത്ര കേന്ദ്രസർക്കാർ ജീവനക്കാർക്കാണ് പങ്കാളിത്തപെൻഷൻ പദ്ധതി ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുപ്രകാരം പ്രസ്തുത പദ്ധതിയിൽ കേന്ദ്രസർക്കാർ ജീവനക്കാർ എന്തുതുക ഇതിനകം നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) കേന്ദ്രസർക്കാർ ജീവനക്കാരുടെ പങ്കാളിത്തപെൻഷൻ പദ്ധതിപ്രകാരം ജീവനക്കാർ നിക്ഷേപിച്ച തുകയ്ക്ക് ആനുപാതികമായിസംസ്ഥാന സർക്കാർ തുക നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരമുള്ള തുക ഏത് ധനകാര്യ സ്ഥാപനത്തിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർക്ക് കുടുംബ പെൻഷൻ ലഭ്യമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുമായിരുന്ന ഫണ്ടുകളുടെ വിനിയോഗം

544 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു സാമ്പത്തികവർഷങ്ങളിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുമായിരുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ മാനദണ്ഡം പാലിക്കാത്തതിനാലും, സമയത്തു ചെലവഴിക്കാത്തതിനാലും നഷ്ടമായ തുക എത്രയാണ്; ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം നഷ്ടമായി;

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രം അനുവദിക്കുമായിരുന്ന മുഴുവൻ തുകയും നേടിയെടുക്കാൻ കഴിയാത്ത ഫണ്ട് ഏതൊക്കെ; ഏതെല്ലാം വകുപ്പുകൾക്കാണ് നൂറുശതമാനവും ചെലവഴിക്കാനും നേടിയെടുക്കാനും സാദ്ധ്യമാകാഞ്ഞത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ വരുമാനം</u>

545 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. റ്റി. വി. രാജേഷ്
,, എ. പ്രദീപ്കുമാർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ചതു പോലെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ;

(ബി) വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ; വിജയം കണ്ടെത്താനായോ ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമായിരുന്നു ; വരുമാനത്തിൽ കുറവ് ഉണ്ടായ മേഖലകൾ ഏതെല്ലാമായിരുന്നു ; വരവ് വർദ്ധിപ്പിക്കാനുള്ള സംവിധാനങ്ങളിൽ ഉണ്ടായിരിക്കുന്ന വീഴ്ച അവസാനിപ്പിക്കാൻ ശ്രമം നടത്തിയോ ;

(സി) ആയതുമൂലം കടം എടുക്കേണ്ടി വന്നിട്ടുണ്ടോ ; തന്നാണ്ടിൽ ഇതിനകം വാങ്ങിയ കടം എത്രയായിരുന്നു ; ദൈനംദിന ചെലവുകൾ നടത്താൻ കടം വാങ്ങേണ്ട അവസ്ഥ വന്നിട്ടുണ്ടോ ; കേന്ദ്രം നടപ്പു വർഷം അനുവദിച്ച വായ്പാപരിധി എന്തു തുകയായിരുന്നു ; വാർഷിക പദ്ധതിയുടെ എത്ര ശതമാനം ചെലവ് അവശേഷിക്കുന്നുണ്ട് ;

(ഡി) ചെലവിനനുസരിച്ച് വരവ് ഉയർത്താൻ നടപടികളില്ലാത്തതിനാൽ ചെലവ് ചുരുക്കാനുദ്ദേശമുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലയിൽ എങ്ങനെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ വരുമാനം വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടി</u>

546 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനം വര്‍ദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചര്‍ച്ച ചെയ്യാന്‍ 2013 ഒക്ടോബറില്‍ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയില്‍ ചേര്‍ന്ന ഉദ്യോഗസ്ഥതല യോഗത്തിലെ തീരുമാനങ്ങള്‍ വിശദമാക്കാമോ;

(ബി) യോഗം ചര്‍ച്ച ചെയ്ത എന്തെല്ലാം തീരുമാനങ്ങള്‍ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി ചീഫ് സെക്രട്ടറി സമര്‍പ്പിക്കുകയുണ്ടായി; ഇതേ തുടര്‍ന്ന് മന്ത്രിസഭായോഗം എടുത്ത തീരുമാനങ്ങളും അതേ തുടര്‍ന്ന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

2013 -14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ
പ്രതീക്ഷിച്ച സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ്

547 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 -14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ താഴെപ്പറയുന്ന ഓരോ ഇനത്തിലും പ്രതീക്ഷിച്ച സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ് എത്ര തുകയായിരുന്നു; നാളിതുവരെ നടപ്പുവർഷം എന്ത് തുക വരവുണ്ടായി;

(1) ടാക്സസ് ഓൺ അഗ്രിക്കൾച്ചർ ഇൻകം.
(2) ലാന്റ് റവന്യൂ.
(3) സ്റ്റാംപ്സ് ആന്റ് രജിസ്ട്രേഷൻ.
(4) സ്റ്റേറ്റ് എക്സൈസ്.
(5) സെയിൽസ് ടാക്സ് ആന്റ് വാറ്റ്.
(6) ടാക്സസ് ഓൺ വെഹിക്കിൾസ്.
(7) ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസ്സഞ്ചേഴ്സ്.
(8) ടാക്സസ് ഓൺ ഡ്യൂട്ടീസ് ഓൺ ഇലക്ട്രിസിറ്റി.
(9) അദർ ടാക്സ് ഓൺ ഡ്യൂട്ടീസ്.

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നടപ്പുസാമ്പത്തിക വർഷത്തിലെ വരവുചെലവുകൾ</u>

548 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം എന്തു തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഇതിൽ നാളിതുവരെ എന്തു തുക ചിലവാക്കി; എന്തു തുകയുടെ വരുമാനം ലഭിച്ചു; വ്യക്തമാക്കുമോ;

(സി) വരുമാനം ഏതെല്ലാം വകുപ്പുകളിൽ നിന്നാണ്; ഓരോ വകുപ്പിലും ലക്ഷ്യമിട്ട തുക എത്ര; നാളിതുവരെ എത്ര തുക പിരിഞ്ഞുകിട്ടി, വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എന്തു തുക കടം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) സർക്കാർ കഴിഞ്ഞ ഓണം/ക്രിസ്തുമസ് കാലത്ത് ചെലവുകൾക്കായി എന്തു തുക എവിടെ നിന്നെല്ലാം കടമെടുത്തു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ കടമെടുക്കേണ്ട സാഹചര്യത്തിന് കാരണമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാൻ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ജി) നടപ്പുവർഷം ഓരോ മാസവും ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുക എത്ര; ആവശ്യം വേണ്ടുന്ന തുക എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

2013 -14 വര്‍ഷം വകുപ്പുകള്‍ക്ക് വകയിരുത്തിയ തുകയും ചെല വഴിച്ച തുകയും

549 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2013-14 വര്‍ഷത്തെ സംസ്ഥാന ബഡ്ജറ്റില്‍ ഓരോ വകുപ്പിനും വകയിരുത്തിയിട്ടുള്ള തുകയും നാളിതുവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>വായ്പ വാങ്ങിയുള്ള ചെലവാക്കൽ</u>

550 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ ഇതിനകം മൊത്തം എത്ര കോടി രൂപയുടെ വായ്പ വാങ്ങുകയുണ്ടായി; ഏതെല്ലാം നിലയിൽ എന്ത് തുക വീതം; പ്രസ്തുത തുകയിൽ എത്ര ശതമാനം തുക മൂലധനനിക്ഷേപത്തിനായി മാത്രം ഉപയോഗിക്കുകയുണ്ടായി; പ്രത്യുത്പാദനപരമല്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടി വന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

2012-13 സാമ്പത്തിക വർഷത്തിലെ കേന്ദ്ര നികുതി വരുമാനം

551 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനം തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി; എന്ത് തുക ലഭിച്ചു;

(ബി) നികുതി വരുമാനത്തിന്റെ 50 ശതമാനം തുക സംസ്ഥാനത്തിന് ലഭിക്കുമായിരുന്നെങ്കിൽ അത് എത്രയായിരിക്കുമായിരുന്നു; ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം എന്തു തുക വരുമെന്ന് കണക്കാക്കി വിശദമാക്കാമോ;

(സി) കേന്ദ്ര നികുതി ഇനത്തിൽ തന്നാണ്ടിൽ കണക്കാക്കപ്പെട്ട വരുമാനം എത്രയാണ്; അതിന്റെ എത്ര ശതമാനം തുക സംസ്ഥാനം പ്രതീക്ഷിക്കുന്നു; പ്രസ്തുത തുക എത്രയാണ്; അൻപത് ശതമാനമായി വർദ്ധിപ്പിച്ചു തരണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; അത് ലഭിക്കുമെങ്കിൽ എത്ര തുക വരുമെന്ന് കണക്കാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നടപ്പുവർഷത്തെ റവന്യൂ വരുമാനം</u>

552 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ റവന്യൂ വരുമാനം എത്രയായിരുന്നു പ്രതീക്ഷിച്ചിരുന്നത്;

(ബി) ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആയതിൽ എന്തു തുകയാണ് ഇതുവരെ ഓരോ ഇനത്തിലും ലഭ്യമായിട്ടുള്ളത്;

(ഡി) പ്രതീക്ഷിച്ചതിലും കുറവ് വന്നുവെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

നടപ്പു സാമ്പത്തിക വര്‍ഷത്തില്‍ സംസ്ഥാന ബഡ്ജറ്റില്‍ പ്രതീക്ഷിച്ച വരുമാനം

553 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നടപ്പു സാമ്പത്തിക വര്‍ഷത്തില്‍ സംസ്ഥാന ബഡ്ജറ്റില്‍ പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ ആയിരുന്നുവെന്നും 2013 ഡിസംബര്‍ 31 വരെ ഓരോ സ്രോതസ്സില്‍ നിന്നും ലഭിക്കേണ്ടിയിരുന്ന വരുമാനം എത്രയായിരുന്നുവെന്നും പ്രസ്തുത കാലയളവില്‍ ലഭിച്ച വരുമാനം എത്രയാണെന്നും വിശദമാക്കാമോ;

(ബി) 2013 ഡിസംബര്‍ 31 വരെയുള്ള കണക്കുകള്‍ പ്രകാരം വരുമാനത്തില്‍ പ്രതീക്ഷിച്ചതില്‍ ഏറ്റവും കുറവുണ്ടായത് ഏതെല്ലാം സ്രോതസ്സില്‍ നിന്നാണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര നികുതി വിഹിതത്തില്‍ നിന്നും കേന്ദ്ര സര്‍ക്കാരില്‍ നിന്നുള്ള ഗ്രാന്റ് ഇന്‍ എയ്ഡ് വിഹിതത്തില്‍ നിന്നും പ്രസ്തുത കാലയളവില്‍ പ്രതീക്ഷിച്ച തുക അത്രയും ലഭിച്ചുവോ; ഇല്ലെങ്കില്‍ പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം കുറവുണ്ടായി;

(ഡി) സംസ്ഥാനത്ത് നിന്നുള്ള ടാക്സസ് ഓണ്‍ കമ്മോഡിറ്റീസ് ആന്റ് സര്‍വ്വീസസ് ഇനത്തില്‍ പ്രസ്തുത കാലയളവില്‍ കണക്കാക്കപ്പെട്ട തുകയുടെ എത്ര ശതമാനം കുറവുണ്ടായി; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**
റവന്യൂ വരുമാന ഇനങ്ങളിൽ പ്രതീക്ഷിച്ച വരുമാനം

554 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഷെയർ ഓഫ് സെൻട്രൽ ടാക്സ്, സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ്, ഇന്ററസ്റ്റ് റെസിപ്റ്റ്സ്, അദർ നോൺ ടാക്സ് എന്നീ റവന്യൂ വരുമാനം ഇനങ്ങളിൽ എന്തു തുക വീതം പ്രതീക്ഷിച്ചു; തന്നാണ്ടിൽ ഇതിനകം ലഭിച്ച തുക എത്ര; മൊത്തം പ്രതീക്ഷിച്ച വരവ് എത്ര; ഇതിനകം ലഭിച്ച വരവ് എത്ര;

(ബി) മുൻവർഷത്തെ അപേക്ഷിച്ച് നടപ്പു വർഷം ഇതുവരെ ഏതെങ്കിലും ഇനത്തിൽ പ്രതീക്ഷിച്ചതിൽ കൂടുതൽ വരുമാനം ലഭിക്കുകയുണ്ടായോ; ഏതെങ്കിലും ഇനത്തിൽ വരുമാനത്തിനു കുറവുണ്ടാവുണ്ടായോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിശദാംശങ്ങൾ

555 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇത് മുൻവർഷത്തേക്കാൾ മോശമായ അവസ്ഥയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(സി) തന്നാണ്ടിൽ കേന്ദ്രം അനുവദിച്ച കടം എടുക്കാനുള്ള പരിധി എത്രയാണ്; ഇതിനകം എടുത്ത കടം എന്തു തുകയാണ്;

(ഡി) കെ.എസ്.ആർ.ടി.സി യ്ക്കും, കെ.എസ്.ഇ.ബി യ്ക്കും, വാട്ടർ അതോറിറ്റിയ്ക്കും തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര; ഇതിനകം നൽകിയ തുക എത്ര വീതം;

(ഇ) മേല്പറഞ്ഞ മൂന്ന് സ്ഥാപനവും തന്നാണ്ടിൽ ആവശ്യപ്പെട്ട അധിക സഹായം എത്ര കോടി വീതമായിരുന്നു; നൽകിയത് എന്ത് തുക വീതമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കടപ്പത്രം</u>

556 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടിൽ ഏതെല്ലാം തീയതികളിലായി എന്തു തുകയ്ക്കുള്ള കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾ മുൻനിർത്തിയാണ് കടപ്പത്രം പുറപ്പെടുവിച്ചിരുന്നത്; കടപ്പത്രത്തിലൂടെ സമാഹരിച്ച തുക, അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുകയുണ്ടോയോ;

(സി) മറ്റെന്തെല്ലാം നിലയിൽ എന്ത് തുക തന്നാണ്ടിൽ കടം എടുത്തിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥാപനത്തിൽ നിന്ന് എന്ത് തുക വീതം എന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ സംസ്ഥാനത്തിനുണ്ടായിരുന്ന പൊതുകടം എത്ര കോടിയുടേതായിരുന്നു; അതിപ്പോൾ എത്ര കോടിയായി വർധിച്ചിട്ടുണ്ട്; തന്നാണ്ടിൽ എന്തു തുക ഇനിയും കടമെടുക്കാൻ ഉദ്ദേശിക്കുന്നു;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിചെലവ്</u>

557 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവ് സംബന്ധിച്ച് വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചിലവഴിച്ചു ;

(ഡി) നടപ്പു സാമ്പത്തിക വർഷം കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; അതിൽ ഇതുവരെ എന്തു തുക ചിലവായിയെന്ന് വകുപ്പു അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പദ്ധതിവിഹിതം</u>

558 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിൽ എന്തു തുക ചിലവഴിച്ചു; വിശദമാക്കാമോ; കേന്ദ്രവിഹിതമായി ലഭിച്ചത് എന്തു തുകയാണ്; അതിൽ എത്ര തുക ചിലവഴിച്ചു; വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

559 ശ്രീ. പി. കെ. ബഷീര്‍
,, കെ. എന്‍. എ. ഖാദര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമ്പത്തിക സ്ഥിതി സുസ്ഥിരവും, വികസനോന്മുഖവുമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സാധാരണ ജനങ്ങളില്‍ അധികഭാരം വരാത്ത രീതിയില്‍ സംസ്ഥാനത്തിന്റെ വരുമാന വര്‍ദ്ധനയ്ക്കുതകുന്ന നടപടികള്‍ക്ക് രൂപം നല്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിവിധ ഭരണച്ചെലവും അപ്രായോഗികവും, പ്രയോജനരഹിതവുമായ പദ്ധതികള്‍ക്കുവേണ്ടിയുള്ള വകയിരുത്തലും നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികള്‍ എന്തെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

നിലവിലുള്ള സാമ്പത്തിക സ്ഥിതി

560 ശ്രീ.എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സാമ്പത്തിക സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ധവളപത്രം ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പിരിച്ചെടുത്ത വിവിധ ഇനം നികുതിയിൽ നിലവിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി

561 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം വെയിസ് ആന്റ് മീൻസ്/ഓവർ ഡ്രാഫ്റ്റ് എത്ര തവണ എടുത്തിട്ടുണ്ട് ;

(ബി) എങ്കിൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണം വിശദമാക്കുമോ ;

(സി) വെയിസ് ആന്റ് മീൻസ് ഒഴിവാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തികപ്രതിസന്ധി</u>

562 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികപ്രതിസന്ധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നിയമനനിരോധനമോ സാമ്പത്തികനിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത നിരോധനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി സംബന്ധിച്ച്</u>

563 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി ആശങ്കപ്പെടുത്തുന്നതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യവകുപ്പിന്റെ 2013 ആഗസ്റ്റ് മാസം 8-ാം തീയതിയിലെ ഉത്തരവിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുള്ളത്;

(സി) അഡീഷണൽ റവന്യൂ മൊബിലൈസേഷന് നൽകപ്പെട്ട നിർദ്ദേശ പ്രകാരം ഏതെല്ലാം വകുപ്പുകൾ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിലവിൽ നിയമന നിരോധനത്തിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>പൊതു കടം</u>

564 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പൊതു കടം എത്രയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷത്തെയും പൊതുകടം എത്രയായിരുന്നു എന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം കടം വാങ്ങിയ തുക എപ്രകാരമാണ് ചിലവഴിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) റവന്യൂ ചെലവിനത്തിലും മൂലധനചെലവിനത്തിലും ഉള്ള കണക്കുകൾ പ്രത്യേകം വിശദമാക്കാമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സർക്കാരിന്റെ ബാദ്ധ്യതകൾ</u>

565 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടൻ കൊടുത്ത് തീർക്കേണ്ടതായി ബാക്കി നില്പുള്ള ബാദ്ധ്യതകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കരാറുകാർക്കും, കെ.എസ്.ആർ.ടി.സി, ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കും നല്കുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) സിവിൽ സപ്ളൈസ് കോർപ്പറേഷനും, മെഡിക്കൽ കോർപ്പറേഷനും, കൺസ്യൂമർ ഫെഡറേഷനും നല്കുവാൻ നില്പുള്ള തുക എത്ര;

(ഡി) ക്ഷേമ പദ്ധതികൾ ഓരോന്നും ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്ര;

(ഇ) കർഷകർക്കും, സഹകരണ സംഘത്തിൽ നിന്ന് വായ്പ എടുത്തവർക്കും സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള തുകകൾ എത്ര; ലാന്റ് അക്വസിഷൻ നടത്തിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള ബാധ്യതകൾ എത്ര;

(എഫ്) എം.എൽ.എ മാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം കൊടുത്തു തീർക്കാൻ ബാക്കി നില്പ്പുള്ള തുക എത്ര;

(ജി) സാമൂഹ്യ സുരക്ഷ പെൻഷൻകാരുടെ കുടിശ്ശിക എത്ര;

(എച്ച്) മേൽ പറഞ്ഞ വകയിൽ ഒന്നും പെടാത്ത കൊടുത്തു തീർക്കാനുള്ള മറ്റ് ഇനങ്ങൾ ഏതൊക്കെ; കുടിശ്ശിക എത്രയാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത</u>

566 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വരുംമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കട ബാധ്യത എന്തു തുകയായിരുന്നു;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കനുരിച്ച് സംസ്ഥാനത്തിന്റെ കട ബാധ്യത എന്ത് തുകയാണ്; സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന്റെ കടബാധ്യതയിൽ എന്ത് തുകയുടെ വർദ്ധനവുണ്ടായി; ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ ഉണ്ടായിരുന്ന കടത്തിന്റെ എത്ര ശതമാനമാണ് വർദ്ധന;

(സി) ഈ സർക്കാരിന്റെ കാലത്ത് എടുത്ത കടങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ സാമ്പത്തിക ബാധ്യത എന്ന് വ്യക്തമാക്കുമോ; ഇത് സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ശതമാനമായിരുന്നു ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി</u>

567 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വിശദമാക്കുമോ; 2013 ഡിസംബർ 31 വരെയുള്ള പ്രാഥമികകണക്കുകളനുസരിച്ച് നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര തുകയാണ്; കഴിഞ്ഞവർഷം ഇതേ കാലയളവിൽ ലഭിച്ചത് എത്ര തുകയായിരുന്നു; ഈ വർഷവും കഴിഞ്ഞ വർഷവും ഇതേ കാലയളവിലെ റവന്യൂ ചെലവ് എത്രയായിരുന്നു;

(ബി) നടപ്പുസാമ്പത്തികവർഷം ഇതുവരെ ഓവർഡ്രാഫ്റ്റ്, സ്പെഷ്യൽ വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ്, വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ് എന്നിവ എത്ര തവണ എടുക്കേണ്ടിവന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2013 ഡിസംബർ 31 വരെ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം ചിലവഴിക്കുകയുണ്ടായി?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>എം.എൽ.എ മാരുടെ സ്പെഷ്യൽ ഡവലപ്പ്മെന്റ് ഫണ്ട്</u>

568 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ സ്പെഷ്യൽ ഡവലപ്പ്മെന്റ് ഫണ്ട്, ഒരു മണ്ഡലത്തിൽ ഒരു വർഷം പരമാവധി നല്കുന്നത് എത്രയാണ്;

(ബി) പ്രസ്തുത സ്കീം ആരംഭിച്ചതിന് ശേഷം ഈ വർഷം വരെയുള്ള കാലയളവിൽ ഒരു അസംബ്ലി മണ്ഡലത്തിനർഹമായ തുക എത്രയെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കീം പ്രകാരം മൊത്തം എത്ര കോടി രൂപ ചെലവ് വരുന്ന നിർദ്ദേശങ്ങൾ എം.എൽ.എ മാർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി; എന്തു തുകയുടെ ചെലവ് പ്രതീക്ഷിക്കുന്ന നിർദ്ദേശങ്ങൾക്ക് ഇതിനകം ഭരണാനുമതി നല്കുകയുണ്ടായി; അവശേഷിക്കുന്ന നിർദ്ദേശങ്ങൾ എത്ര; അവയ്ക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്ര; ഇവ വിശദമാക്കാമോ;

(ഡി) സ്പെഷ്യൽ ഡവലപ്പ്മെന്റ് ഫണ്ട് അർഹമായത് പൂർണ്ണമായും ചിലവഴിക്കപ്പെട്ട എത്ര മണ്ഡലങ്ങളുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഇ) നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഏതെങ്കിലും മണ്ഡലത്തിനർഹമായ തുക വിനിയോഗിക്കാൻ കഴിയാതെ പോയിട്ടുണ്ടോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ</u>

569 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ലഭ്യമായ ഭരണാനുമതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) നിലവിൽ പഞ്ചായത്ത് കമ്മിറ്റി/നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ വീണ്ടും തദ്ദേശസ്വയംഭരണവകുപ്പിന്റെ ഭരണാനുമതി വാങ്ങണം എന്ന് പറയുന്നത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആറ് മാസത്തോളം കാലതാമസത്തിന് ഇടയാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത്വകുപ്പ് മുഖേന പഞ്ചായത്തിന്റെ അംഗീകാരത്തോടെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ</u>

570 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പ്രകാരം സംസ്ഥാനത്ത് ഓരോ മണ്ഡലത്തിലും ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും ഇതിനകം എത്ര തുക നീക്കിവച്ചെന്നും ഇതിൽ എന്തു തുക വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ;

(സി) ഇതു പ്രകാരമുള്ള എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചു എന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട്</u>

571 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികളുടെ മണ്ഡലആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് 2012-13, 2013-14 ധനകാര്യവർഷത്തിൽ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കുമോ;

(ബി) 2013-14 ധനകാര്യ വർഷത്തിൽ ഭരണാനുമതിക്കായി പെൻഡിംഗിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തിരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് പദ്ധതി</u>

572 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ കൊടകര-വെള്ളിക്കുളങ്ങര റോഡിലെ കുഴിക്കാണിപ്പാലം പുതുക്കി പണിയുന്നതിന് ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ വകയിരുത്തിയ തുക

573 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നബാർഡ് ആർ.ഐ.ഡി. എഫ് സ്കീമിൽ സംസ്ഥാനത്തിൽ വകയിരുത്തിയ തുക എത്ര വീതം ആയിരുന്നു; ഇതിൽ സംസ്ഥാനം യഥാർത്ഥത്തിൽ വിനിയോഗിച്ചത് എന്ത് തുകയാണ്;

(ബി) ആർ. ഐ. ഡി. എഫ് പദ്ധതി വിഹിതം തന്നാണ്ടിൽ ഇതു വരെ ഒന്നും ചെലവഴിച്ചിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>രൂപയുടെ വിലയിടിവ്</u>

574 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂപയുടെ വിലയിടിവ് തുടരുന്നതിനിടെ കേരളത്തിലേക്ക് വിദേശ പണമെത്തുന്നത് വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദേശ മലയാളികളുടെ കേരളത്തിലേക്കുള്ള നിക്ഷേപം വർദ്ധിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) രൂപയുടെ വിലയിടിവ് ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

2013-14 ലെ പ്രതീക്ഷിച്ച ചെലവ്

575 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രതീക്ഷിച്ച മൊത്തം എക്സ്പെന്റിച്ചർ എന്തു തുകയായിരുന്നു; അതിൽ എന്ത് തുക ഇതിനകം ചെലവായിട്ടുണ്ട്; പ്രതീക്ഷിച്ച ചെലവിന്റെ എത്ര ശതമാനം ഇതിനകം യഥാർത്ഥത്തിൽ ചെലവായിട്ടുണ്ട്;

(ബി) ബഡ്ജറ്റിൽ പ്രതീക്ഷിച്ച ഏതെങ്കിലും ചെലവിൽ ഇതിനകം കുറവ് വരുത്താൻ സാധ്യമായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം കുറവുണ്ടായി; പ്രതീക്ഷിച്ചതിലും കൂടുതൽ ചെലവ് ഏതെങ്കിലും ഇനത്തിൽ ഇതിനകം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷാ പദ്ധതി</u>

576 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് പ്രതിവർഷം എന്ത് തുകയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളുടെ ചെലവ് സംസ്ഥാനം വഹിക്കേണ്ടതായിട്ടുണ്ട്; നിയമ വ്യവസ്ഥകളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) മുലയൂട്ടുന്ന അമ്മമാർ, 14 വയസ്സിന് താഴെയുള്ള കുട്ടികൾ, എന്നിവരുടെ പോഷകാഹാര വിതരണത്തിനും സമഗ്ര ശിശു വികസന പരിപാടിക്കും എന്തു തുക വീതം പ്രതിവർഷം ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രസവാനുകൂല്യം നൽകുവാനുള്ള ചെലവ് എത്ര;

(ഇ) തന്നാണ്ടിൽ പ്രസ്തുത ഇനങ്ങളിൽ മൊത്തം എന്തു തുക സംസ്ഥാനം വകയിരുത്തേണ്ടതായിട്ടുണ്ട്; ആയതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഓരോ വകുപ്പിനും നടപ്പ് സാമ്പത്തിക വര്‍ഷത്തില്‍ നീക്കി വച്ച തുക</u>

577 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഓരോ വകുപ്പിനും നടപ്പു സാമ്പത്തിക വര്‍ഷത്തില്‍ എന്തു തുകയാണ് നീക്കിവച്ചിരുന്നത്;

(ബി) 2013 ഡിസംബര്‍ 31 വരെ ഓരോ വകുപ്പും എത്ര തുക ചിലവഴിച്ചു; ഏറ്റവും കൂടുതല്‍ തുക ചിലവഴിച്ച വകുപ്പ് ഏത്; ഏറ്റവും കുറച്ച് തുക ചിലവഴിച്ചത് ഏത് വകുപ്പാണ്; വ്യക്തമാക്കാമോ;

(സി) നടപ്പുവര്‍ഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റില്‍ ഏറ്റവും കുറച്ച് തുക ചിലവഴിച്ച വകുപ്പുകള്‍ ഏതെല്ലാം; എന്ത് തുക ചിലവഴിച്ചു; എത്ര ശതമാനം ചിലവഴിച്ചു; ചിലവഴിക്കാന്‍ എത്ര ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ ബഡ്ജറ്റില്‍ (2013-14) പ്രഖ്യാപിയ്ക്കാത്ത പദ്ധതികള്‍/പ്രവൃത്തികള്‍</u>

578 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ ബജറ്റില്‍ (2013-14) പ്രഖ്യാപിക്കാത്ത എത്ര പദ്ധതികള്‍ക്ക്/പ്രവൃത്തികള്‍ക്ക് പിന്നീട് അനുമതി നല്‍കിയെന്നുള്ള വിവരം നല്‍കാമോ;

(ബി) ഇക്കാര്യത്തില്‍ മണ്ഡലം തിരിച്ചുള്ള വിവരവും പദ്ധതികളുടേയും അനുമതി നല്‍കിയ തുകകളുടേയും വിവരങ്ങളും നല്‍കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

പദ്ധതി, പദ്ധതിയേതര ഫണ്ടിൽ വകയിരുത്തിയ തുക

579 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ പദ്ധതി, പദ്ധതിയേതര ഫണ്ടിൽ വകയിരുത്തിയ തുകയെത്രയാണ്; ഇനം തിരിച്ചും വകുപ്പ് തിരിച്ചുമുള്ള വിവരം നൽകാമോ;

(ബി) 2013 ഡിസംബർ 31 വരെയുള്ള എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നോൺ പ്ലാൻ ഗ്രാന്റ് സംബന്ധിച്ച്</u>

580 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് 2013-2014 സാമ്പത്തിക വർഷത്തിൽ നല്കിയിട്ടുള്ള നോൺ പ്ലാൻ ഗ്രാന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കേരള സംസ്ഥാന സ്വയംസംരംഭക വികസന മിഷൻ പദ്ധതി

581 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടായിരം കോടി അടങ്കലോടെയും 500 കോടി മുതൽ മുടക്കിയും ഒരു വർഷം ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന കേരള സംസ്ഥാന സ്വയംസംരംഭക വികസനമിഷൻ പദ്ധതി 2011-12 വർഷത്തെ ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) എത്രപേർക്ക് തൊഴിൽ പരിശീലനം നല്കുമെന്നായിരുന്നു പ്രഖ്യാപനം; നല്കിയത് എത്ര;

(സി) പ്രസ്തുത പദ്ധതിയുടെ പലിശ സബ്സിഡിയിലേയ്ക്ക് വകയിരുത്തുമെന്ന് പ്രഖ്യാപിച്ച തുക എത്രയായിരുന്നു; ഒരു വർഷം എത്ര തുക എത്രപേർക്ക് പലിശ സബ്സിഡിയായി നല്കുകയുണ്ടായി;

(ഡി) എത്ര ചെറുകിട മൈക്രോ യൂണിറ്റുകൾ പ്രസ്തുത പദ്ധതിയിലൂടെ പ്രതീക്ഷിച്ചു; എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ഇ) എന്തു തുക ഇതിനകം മുതൽ മുടക്കി; അടങ്കലിന്റെ എത്ര ശതമാനം ചെലവായി;

(എഫ്) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നല്കിയ പരസ്യങ്ങൾക്ക് വേണ്ടി എന്ത് തുക ചിലവഴിച്ചു; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>കേരള സംസ്ഥാന സംരംഭക വികസന മിഷൻ</u>

582 ശ്രീ. ടി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എന്തു തുകയുടെ സഹായം അനുവദിച്ചു എന്നു ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കേന്ദ്ര സർക്കാരിൽ നിന്നും എടുത്ത വായ്പകൾ

583 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ സാമ്പത്തിക വർഷവും നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്നും എടുത്ത വായ്പകൾ എത്ര; കമ്പോള വായ്പകൾ എത്ര; എൽ. ഐ. സി., നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾ എത്രയാണ്; വിശദമാക്കാമോ;

(ബി) ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള വായ്പകൾ എന്തു തുകയാണ്; ലോക ബാങ്ക്, എ. ഡി. ബി., തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദേശ വായ്പകൾ എത്ര; കേന്ദ്ര പദ്ധതി സഹായം എത്ര; സെൻട്രൽ എയ്ഡ് എത്ര; കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള സഹായം എത്ര; ഇവ വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മരാമത്ത് പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

584 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഭരണാനുമതി നല്കിയ തുകയും തമ്മിലുള്ള അനുപാത ക്രമം പാലിക്കാത്തതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായി 2011-2012 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉന്നയിച്ചിട്ടുണ്ടായിരുന്നോ;

(ബി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ മരാമത്ത് പണികൾക്ക് വകയിരുത്തിയത് എന്തു തുകയായിരുന്നു; പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി നല്കിയത് എന്തു തുക വീതമായിരുന്നു;

(സി) മരാമത്ത് പണികൾ നിർവഹിച്ച കരാറുകാർക്ക് എന്തു തുക ഇനിയും കൊടുത്ത് തീർക്കുവാനുണ്ട്; നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പ് വർഷം എത്ര കോടിയുടെ അധികബാധ്യത ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകാനുള്ള തുക</u>

585 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ള തുക പ്രത്യേകമായി വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിലെ കരാറുകാർക്ക്
നല്കുവാനുള്ള കുടിശ്ശിക</u>

586 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ കരാറുകാർക്ക് 2013 ഡിസംബർ 31-ലെ കണക്കുകൾ അനുസരിച്ച് നല്കുവാനുള്ള കുടിശ്ശിക എന്ത് തുകയാണെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കരാറുകാരുടെ കുടിശ്ശിക എത്രയായി വർദ്ധിക്കാൻ സാദ്ധ്യതയുള്ളതായി കണക്കാക്കുന്നു; കരാറുകാർ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളിൽ എന്നുവരെയുള്ള ബില്ലുകളാണ് ഇതിനകം പാസ്സാക്കിക്കൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;ഇതിനായി എന്തെങ്കിലും മാനദണ്ഡം പാലിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

അനാവശ്യ തസ്തികകൾ

587 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി (പി.എ.ആർ.സി) ശുപാർശ ചെയ്തതും അനാവശ്യ തസ്തികകൾ എന്ന് കരുതപ്പെടുന്നതുമായ മൊത്തം തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 'അനാവശ്യ തസ്തിക'കളായി കരുതപ്പെടുന്നവയുടെ എണ്ണം വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്റെ ഭാഗമായി, പ്രസ്തുത തസ്തികകളുടെ കാര്യത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ധനകാര്യവകുപ്പിന്റെ അനുമതി നൽകാതെ തസ്തികകൾ സൃഷ്ടിക്കരുതെന്ന ഉത്തരവ്

588 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ അനുമതി ഇല്ലാതെ സർക്കാർ പുതിയ തസ്തികകൾ സൃഷ്ടിക്കരുതെന്ന ഉത്തരവ് ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ചിരുന്നത് ഏത് തീയതിയിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിനുശേഷം വിദ്യാഭ്യാസ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതായി അറിയാമോ; എങ്കിൽ, ഏതെല്ലാം തസ്തികകൾ എത്രയെണ്ണം വീതം സൃഷ്ടിക്കുകയുണ്ടായി;

(സി) മറ്റേതെങ്കിലും വകുപ്പിൽ ഇപ്രകാരം പുതിയ തസ്തിക സൃഷ്ടിച്ചതായി അറിയാമോ; എങ്കിൽ ഏത് വകുപ്പിൽ എത്ര തസ്തിക വീതം സൃഷ്ടിക്കുകയുണ്ടായി?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

ജീവനക്കാരുടെ ഉത്സവകാല മുൻകൂർ ശമ്പളം

589 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓണത്തിനും, ക്രിസ്തുമസിനും സർക്കാർ ജീവനക്കാർക്ക് മുൻകാലങ്ങളിൽ നൽകിയതുപോലെ മുൻകൂറായി ശമ്പളം നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അപാകത</u>

590 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2009-ലെ ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടു ലഭിച്ച അപേക്ഷകളിലെ തുടർനടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ശമ്പള ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി</u>

591 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം സംബന്ധിച്ചുള്ള ജി.ഒ.(പി) നം. 58/2012/ഫിൻ. തീയതി 19.01.2013, ജി.ഒ.(പി) നം.72/2012/ഫിൻ. തീയതി 25.01.2013 എന്നീ ഉത്തരവുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച പരാതികൾ ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അപാകതകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ചെലവ്

592 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയുടെ നിയമപരമായ സാധുത വിശദീകരിക്കാമോ; പ്രസ്തുത പരിപാടിക്ക് സർക്കാർ നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിപാടി 14 ജില്ലയിലും സംഘടിപ്പിക്കുന്നതിൽ എന്ത് തുക ചെലവ് പ്രതീക്ഷിക്കുകയുണ്ടായെന്നും പ്രസ്തുത തുക ഏത് ഹെഡിലാണ് വകയിരുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര; ജനസമ്പർക്ക പരിപാടിക്കുവേണ്ടി ഖജനാവിൽനിന്നും ഏതെല്ലാം ഹെഡിലുള്ള എന്ത് തുകവീതം ചെലവഴിക്കുകയുണ്ടായി; ദുരിതാശ്വാസനിധിയിൽനിന്ന് സഹായം നൽകുന്നതിന് പ്രസ്തുത ഹെഡിൽ വകയിരുത്തപ്പെട്ട മൊത്തം തുകയുടെ എത്ര ശതമാനം ജനസമ്പർക്ക പരിപാടി വേളയിൽ ചിലവഴിക്കുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ധനകാര്യ വകുപ്പുമായി കൺസൾട്ടു ചെയ്യാതെ
അനുവദിക്കുവാൻ സാധിക്കുന്ന തുക

593 എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ധനകാര്യ വകുപ്പുമായി കൺസൾട്ടു ചെയ്യാതെ എന്തു തുക വരെ അനുവദിക്കുവാൻ ഭരണ വകുപ്പിന് സാധിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കുട്ടനാട്ടിലെ തൈച്ചേരി പാലം

594 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 ബഡ്ജറ്റിൽ ഉൾപ്പെട്ട കുട്ടനാട്ടിലെ തൈച്ചേരി പാലം, ജീമംഗലം മുട്ടാർ റോഡിലെ പാലം എന്നിവ നിർമ്മിച്ച് റോഡിന്റെ പൂർത്തീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) കുട്ടനാട് സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

മഹിളാപ്രധാൻ ഏജന്റുമാരുടെ അലവൻസുകൾ

T.595 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോസ്റ്റൽ വകുപ്പിലെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന അലവൻസുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മഹിളാപ്രധാൻ ഏജന്റുമാരുടെ 2011 ഡിസംബർ മുതൽ 2012 മെയ് വരെയുള്ള അലവൻസ് കുടിശ്ശിക നിലവിലുണ്ടോ; എങ്കിൽ ആയത് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) മഹിളാപ്രധാൻ ഏജന്റുമാരുടെ ശമ്പളവും അലവൻസും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>സ്വര്‍ണ്ണവ്യാപാരം വഴിയുള്ള നികുതി</u>

596 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്വര്‍ണ്ണവിപണിയിലെ വിലനിലവാരം 'കേരള ഗോള്‍ഡ് ബോര്‍ഡ്' നിര്‍ണ്ണയിക്കുമെന്ന ജ്വല്ലേഴ്സ് ഫെഡറേഷന്റെ പ്രസ്താവന ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സ്വര്‍ണ്ണത്തിന്റെ വില, നികുതിചോര്‍ച്ച തുടങ്ങിയ കാര്യങ്ങളില്‍ വാണിജ്യനികുതി വകുപ്പ് ഗഹനമായ പഠനങ്ങള്‍ വല്ലതും നടത്തിയിട്ടുണ്ടോ;

(സി) സ്വര്‍ണ്ണവ്യാപാരം നാള്‍ക്കുനാള്‍ വര്‍ദ്ധിക്കുമ്പോഴും സ്വര്‍ണ്ണനികുതിവരുമാനത്തില്‍ അതു പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്നു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്വർണ്ണത്തിന്റെ വാറ്റ് നികുതി ഇനത്തിൽ ലഭിച്ച വരുമാനം</u>

597 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണത്തിന്റെ വാറ്റ് നികുതി ഇനത്തിൽ 2010-11, 2012-13 സാമ്പത്തിക വർഷത്തിൽ ലഭിച്ച വരുമാനം സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ സ്വർണ്ണക്കടകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കോമ്പൗണ്ടിംഗ് നിയമപ്രകാരം നികുതി അടച്ചു വരുന്ന സ്വർണ്ണ വ്യാപാരികൾ എത്ര; അല്ലാത്തവർ എത്ര;

(ഡി) സ്വർണ്ണത്തിന്റെ വിലയിലുണ്ടായ വർധനയ്ക്കനുസൃതമായി നികുതി വരുമാനം വർധിക്കാതിരുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഇ) സ്വർണ്ണത്തിന്റെ കരിഞ്ചന്തയും കള്ളക്കടത്തും വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വാറ്റ് രജിസ്ട്രേഷനോടുകൂടിയുള്ള സ്വർണ്ണക്കടകൾ

598 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാറ്റ് രജിസ്ട്രേഷനോടുകൂടി വിപണനത്തിലേർപ്പെടുന്ന എത്ര സ്വർണ്ണക്കടകൾ ഉണ്ട്; പ്രസ്തുത കടകളുടെ ബ്രാഞ്ചുകൾകൂടി പരിഗണിച്ചാൽ മൊത്തം എത്ര;

(ബി) സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവയുടെ എണ്ണം എത്രയായിരുന്നു; വ്യാപാരസ്ഥാപനങ്ങളുടെ വർദ്ധനയുടെ ശതമാനം എത്ര;

(സി) സ്വർണ്ണവിപണനത്തിൽ എത്ര ശതമാനം വർദ്ധന പ്രസ്തുത കാലയളവിൽ ഉണ്ടായതായി കണക്കാക്കുന്നു;

(ഡി) 2011-12-ലും 2012-13-ലും 2013-14-ലും നാളിതുവരെയും സ്വർണ്ണാഭരണങ്ങളുടെ നികുതിവരുമാനം എന്തുതുക വീതമാണ്; സ്വർണ്ണത്തിലെ വിലയിലെ വ്യത്യാസം, ഉപഭോഗത്തിലും വ്യാപാരസ്ഥാപനങ്ങളിലുമുള്ള വർദ്ധന ഇവയെല്ലാം പരിഗണിച്ചാൽ പ്രതീക്ഷിക്കാവുന്ന നികുതിവരുമാനത്തിനനുസരിച്ച് ഓരോ വർഷവും നികുതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണ വില്പന ഇനത്തില്‍ ലഭിച്ച നികുതി വരുമാനം</u>

599 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വര്‍ണ്ണ വില്പന ഇനത്തില്‍ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഇതുവരെ ഓരോ വര്‍ഷവും സംസ്ഥാനത്തിന് ലഭിച്ച നികുതി വരുമാനം സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവില്‍ നിയമാനുസൃതം പ്രവൃത്തിക്കുന്ന എത്ര സ്വര്‍ണ്ണ വ്യാപാരസ്ഥാപനങ്ങള്‍ ഉണ്ടായിരുന്നു; നിലവിലുള്ള സ്വര്‍ണ്ണ വ്യാപാര സ്ഥാപനങ്ങളും അതിന്റെ ബ്രാഞ്ചുകളും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വര്‍ണ്ണ വില്പന രംഗത്ത് സംസ്ഥാനത്തുണ്ടായ കുതിച്ചുകയറ്റത്തിനനുസൃതമായി, നികുതി വരുമാനത്തില്‍ വര്‍ധന ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ്</u>

600 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷത്തിൽ നികുതി വരുമാനത്തിൽ എന്തു വർദ്ധനയുണ്ടായി എന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളിൽ നിന്നുമാണ് വർദ്ധനയുണ്ടായതെന്നും ഏതെല്ലാം ഇനത്തിൽ നികുതി വരുമാനം കുറഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണവ്യാപാരത്തില്‍ നിന്നുള്ള നികുതി</u>

601 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വര്‍ണ്ണവ്യാപാരം നടത്തുന്ന സ്ഥാപനങ്ങള്‍ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2012-13 സാമ്പത്തിക വര്‍ഷം പ്രസ്തുത സ്ഥാപനങ്ങള്‍ വില്പന നടത്തിയ മൊത്തം സ്വര്‍ണ്ണത്തിന്റെ കണക്കുകള്‍ വ്യക്തമാക്കാമോ ; പ്രസ്തുത കാലയളവില്‍ സ്വര്‍ണ്ണ വില്പനയുമായി ബന്ധപ്പെട്ട് ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) സ്വര്‍ണ്ണവ്യാപാര സ്ഥാപനങ്ങളുടെയും വില്പനശാലകളുടെയും എണ്ണത്തില്‍ ഉണ്ടാകുന്ന വര്‍ദ്ധനവിനും, യഥാര്‍ത്ഥത്തില്‍ ഉണ്ടാകുന്ന വില്പന വര്‍ദ്ധനവിനും അനുസൃതമായി നികുതി വരുമാനം വര്‍ദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) 2012-13 വര്‍ഷത്തില്‍ സ്വര്‍ണ്ണ വില്പനയില്‍ നികുതി വെട്ടിപ്പ് നടത്തിയ എത്ര സ്ഥാപനങ്ങള്‍ക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് നികുതി ഇനത്തിൽ ലഭിച്ചിട്ടുള്ള വരവ്</u>

602 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരവ് എത്ര തുകയായിരുന്നു;

(ബി) നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില വർദ്ധിച്ച സാഹചര്യത്തിൽ നികുതി ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും എത്ര ശതമാനം വരവുണ്ടാകണമായിരുന്നു;

(സി) ഇതേവരെയുള്ള വരവിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം വരവുണ്ടായിട്ടുണ്ട്; വരുമാനം വിശദമാക്കാമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം, മുൻ വർഷാനുഭവങ്ങളുടെയടിസ്ഥാനത്തിൽ ഓരോ മാസവും കമോഡിറ്റീസ് ആന്റ് സർവ്വീസസ് ടാക്സ് പ്രതീക്ഷിച്ചത് എത്ര; ഇതിനകം പിന്നിട്ട ഓരോ മാസങ്ങളിലും അത് എത്ര ലഭിച്ചു; കുറവുണ്ടായിട്ടുണ്ടെങ്കിൽ എത്ര ശതമാനം വീതം; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

സര്‍വ്വീസസ് മേഖലകളില്‍ നിന്നും ലഭിച്ച വരവ്

603 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നടപ്പു സാമ്പത്തിക വര്‍ഷത്തെ ബഡ്ജറ്റില്‍ നോണ്‍ ടാക്സ് റവന്യു ഇനത്തില്‍ ഏതെല്ലാം സര്‍വീസസ് മേഖലകളില്‍ നിന്നും എന്ത് തുക വരവ് പ്രതീക്ഷിച്ചു; തന്നാണ്ടില്‍ നാളിതുവരെ ലഭിച്ച വരവ് എത്ര; ഏതെല്ലാം സര്‍വ്വീസസ് മേഖലകളിലെ ചാര്‍ജുകള്‍ വര്‍ദ്ധിപ്പിക്കുകയുണ്ടായി എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

റബ്ബർ, നാളികേരം, വെളിച്ചെണ്ണ, കുരുമുളക് എന്നിവയുടെ വിപണനത്തിലൂടെ ലഭിച്ച വരുമാനം

604 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ, നാളികേരം, വെളിച്ചെണ്ണ, കുരുമുളക് ഇവ ഓരോന്നിന്റെയും വിൽപ്പന ഇനത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ ലഭിച്ച നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഇവയുടെ വിപണനത്തിലൂടെ പ്രതീക്ഷിക്കുന്ന നികുതി വരുമാനം സംബന്ധിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നടപ്പുസാമ്പത്തിക വര്‍ഷത്തെ നികുതി സമാഹരണം</u>

605 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 സാമ്പത്തിക വര്‍ഷം ഓരോ വകുപ്പുകള്‍ക്കും അനുവദിച്ച തുക എത്ര ; ആയതില്‍ ഓരോ വകുപ്പും നാളിതുവരെ ചിലവഴിച്ച തുക എത്ര ;

(ബി) നടപ്പുവര്‍ഷം ലോട്ടറി വകുപ്പ്, മോട്ടോര്‍വാഹനവകുപ്പ്, രജിസ്ട്രേഷന്‍ വകുപ്പ് എന്നിവയില്‍നിന്നും എത്ര തുക നികുതിയിനത്തില്‍ പിരിക്കാനാണ് തീരുമാനിച്ചത് ; പ്രസ്തുത വകുപ്പുകളില്‍നിന്നും നാളിതുവരെ എത്ര തുക പിരിഞ്ഞു കിട്ടി ; വ്യക്താമാക്കാമോ ;

(സി) നികുതിയിനത്തില്‍ മദ്യവിപണനം വഴി നടപ്പുവര്‍ഷം ഉദ്ദേശിച്ച വരുമാനം എത്ര ; എത്ര തുക നാളിതുവരെ പിരിഞ്ഞുകിട്ടി ;

(ഡി) നികുതിയിനത്തില്‍ സ്വര്‍ണ്ണവിപണനരംഗത്തുനിന്നും നടപ്പുവര്‍ഷം ഉദ്ദേശിച്ച വരുമാനം എത്ര ; നാളിതുവരെ എത്ര തുക പിരിഞ്ഞുകിട്ടി ; പ്രസ്തുത മേഖലയിലെ നികുതി ഘടനയിലെ അപാകതകള്‍മൂലം നികുതി വരുമാനം കുറയുകയും സ്വര്‍ണ്ണക്കള്ളകടത്ത് കൂടുകയും ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടി സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**
<u>നികുതി/ഡ്യൂട്ടി വഴിയുള്ള വരവ്</u>

606 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ സംസ്ഥാനനികുതികളും ഡ്യൂട്ടികളും വഴിയുള്ള മൊത്തം വരവ് പ്രതീക്ഷിച്ചത് എത്ര തുകയാണ്; അതിൽ കമോഡിറ്റീസ് ആൻഡ് സർവ്വീസസിന്മേൽ പ്രതീക്ഷിച്ച ടാക്സ് എത്ര;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ലഭിച്ച സംസ്ഥാനനികുതികളും ഡ്യൂട്ടികളും വഴിയുള്ള മൊത്തം വരവ് എത്ര; അതിൽ കമോഡിറ്റീസ് ആൻഡ് സർവ്വീസസിന്മേൽ ലഭിച്ച ടാക്സ് എത്ര; ഇവ രണ്ടും ഈ വർഷം ഇതുവരെയുള്ള കാലയളവിലേയ്ക്കു പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനമാണ്;

(സി) ബഡ്ജറ്റിലെ നിർദ്ദേശമനുസരിച്ചുള്ള അധികവിഭവസമാഹരണം കൂടി പരിഗണിച്ചാൽ മേൽപ്പറഞ്ഞവയിൽ പ്രതീക്ഷിച്ച വരുമാനം എത്ര; ലഭിച്ചത് എത്ര?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>പാക്കറ്റ് ഭക്ഷ്യോത്പന്നങ്ങളുടെ വില്പനനികുതി</u>

607 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ നാമങ്ങളിൽ വർണ്ണാഭമായ പായ്ക്കറ്റുകളിൽ വിറ്റഴിക്കുന്ന രാസവസ്തുക്കൾ ചേർത്ത ഐസ്ക്രീം പൗഡർ, ബദാം, പിസ്ത, വിവിധ നാമങ്ങളിലുള്ള ജ്യൂസുകൾ നിർമ്മിക്കുന്ന പൗഡറുകൾ, കോൺ ഫ്ളേക്സ് തുടങ്ങിയവയ്ക്ക് വിറ്റഴിക്കുന്ന ഓരോ പായ്ക്കറ്റിനും എപ്രകാരമാണ് സെയിൽസ് ടാക്സ് ഈടാക്കിവരുന്നത്;

(ബി) നൈസ്ഡേ, ബട്ടർഫ്ളൈ തുടങ്ങിയ പേരുകളിൽ സംസ്ഥാനമൊട്ടാകെ വിറ്റഴിക്കുന്നവയ്ക്ക് വില്പനനികുതി അടയ്ക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കോഴി മൊത്തക്കച്ചവടക്കാരുടെ നികുതി വെട്ടിപ്പ്</u>

608 ശ്രീ. എം. ഹംസ
,, ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴി മൊത്തക്കച്ചവടക്കാർ നികുതി വെട്ടിപ്പ് നടത്തിവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിയുടെയും കുഞ്ഞുങ്ങളുടെയും വിൽപനയിനത്തിൽ നികുതി ചോർച്ച സംഭവിക്കാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നിലവിലെ സർക്കാരിന്റെ കാലത്ത് നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ എത്ര കേസുകളിൽ പിഴ ഈടാക്കാൻ നോട്ടീസ് നൽകുകയും പിന്നീട് അവ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നടപടി വഴി പ്രതീക്ഷിച്ച പിഴതുകയിൽ എന്ത് തുകയുടെ കുറവുണ്ടായി;

(ഡി) കോഴി ഇറച്ചിയുടെയും കുഞ്ഞുങ്ങളുടെയും വിൽപനയിന്മേലുള്ള നികുതിയിനത്തിൽ 2011-12, 2012-13 സാമ്പത്തികവർഷം പ്രതീക്ഷിച്ച വരുമാനവും ലഭിച്ച വരുമാനവും വിശദമാക്കാമോ; കോഴിയുടെ ഉപഭോഗത്തിൽ പ്രസ്തുത കാലയളവിലുണ്ടായ വർദ്ധനയുടെ ശതമാനം എത്രയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്
റിയൽ എസ്റ്റേറ്റ് മേഖലയിലെ നികുതി വെട്ടിപ്പുകൾ

609 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ നികുതി വെട്ടിപ്പുകളുൾപ്പെടെയുള്ള ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിലൂടെ നടപ്പു സാമ്പത്തിക വർഷം നഷ്ടമായ നികുതി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ചെക്ക്പോസ്റ്റുകളിൽ നികുതിവെട്ടിപ്പ്

610 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെക്ക്പോസ്റ്റുകളിൽ വ്യാപകമായ നികുതിവെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുവാനായി സ്വീകരിച്ചിട്ടുളള നടപടി വ്യക്തമാക്കുമോ;

(സി) നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ചെക്ക്പോസ്റ്റുകളിൽ ചുമതലയുളള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കെതിരെ അഴിമതി നടത്തിയതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഹോം അപ്ലയൻസ് ഡീലർമാർ നടത്തുന്ന നികുതി വീഴ്ചകൾ

611 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോം അപ്ലയൻസ് ഡീലർമാർ നടത്തുന്ന നികുതി വീഴ്ചകൾ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യം നിരീക്ഷിക്കുന്നതിനും തട്ടിപ്പ് തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഹോം അപ്ലയൻസ് ഡീലർമാരും നികുതി ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം നികുതി വർദ്ധനയ്ക്ക് തടസം നില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ കുറ്റമറ്റ സംവിധാനം ഉറപ്പാക്കി നികുതി വരുമാനം നിലനിർത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഹോം അപ്ലയൻസിന്റെ വില്പനയിൽ ഉണ്ടാകുന്ന വർദ്ധനയേയും, നികുതി പിരിവിനെയും സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ; യഥാർത്ഥത്തിൽ സംസ്ഥാനത്ത് നടക്കുന്ന ഹോം അപ്ലയൻസ് വില്പനയുടെ എത്ര ശതമാനം നികുതി വിധേയമാകാതെ പോകുന്നതായി അറിയാം, വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>നികുതി നികുതിയിതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ</u>

612 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി നികുതിയിതര വരുമാനം വർധിപ്പിക്കുന്നതിനായി ലഭിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയുടെ ശുപാർശയുള്ളവ ഏതൊക്കെയാണെന്നു വിശദമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ ഓരോ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

വിവിധ ഇനങ്ങളിലെ നികുതി വരുമാനം

613 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 2012-13 ലും 2013-14 ലും ഉണ്ടായ നികുതി വരുമാനം താഴെപ്പറയുന്ന ഓരോ ഇനത്തിലും എന്തു തുക വീതമാണെന്ന് വെളിപ്പെടുത്താമോ;

1. വാണിജ്യ നികുതി
2. എക്സൈസ്
3. രജിസ്ട്രേഷൻ
4. വാഹന നികുതി

(ബി) 2013-14 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വാറ്റ് നികുതി വർധിപ്പിച്ചതിന് ശേഷം സ്വാഭാവികമായും പ്രതീക്ഷിച്ച നികുതി വർധന എത്ര ശതമാനമായിരുന്നു;

(സി) നിക്ഷിപ്ത താൽപര്യങ്ങൾ വളർന്നതിന്റെയും നികുതി പിരിവ് സംവിധാനത്തിന്റെ തകർച്ചയുടെയും സൂചനയായി പ്രസ്തുത വരുമാന ഇടിവിനെ കാണാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

2012-13 ലെ നികുതി വളർച്ച

614 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് എത്ര ശതമാനം നികുതി വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) 2012-13 വർഷത്തിൽ എത്ര ശതമാനം നികുതി വളർച്ച കൈവരിച്ചിട്ടുണ്ട്;

(സി) ലക്ഷ്യമിട്ട വളർച്ചയും നേടിയ വളർച്ചയും തമ്മിലുള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കാമോ; കാരണം വിശദമാക്കാമോ;

(ഡി) നികുതി വളർച്ചയിൽ ഉണ്ടായ ഇടിവ് പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(എഫ്) ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവ്</u>

615 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ പെട്രോളിയം ഉൽപന്നങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഉണ്ടായ വിലവർദ്ധനവുമായി ബന്ധപ്പെട്ട് എത്ര തവണ നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ വർദ്ധനവിലെന്നും നികുതിയിളവുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തു തുക നഷ്ടം ഉണ്ടായിയെന്നും വിശദമാക്കാമോ;

(സി) പ്രഖ്യാപിച്ച നികുതിയിളവുകൾ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു തുകയാണ് ഇളവ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രഖ്യാപിച്ചിരുന്ന നികുതിയിളവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

ഇന്ധന നികുതിയിനത്തിലുള്ള വരുമാനം

616 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പെട്രോൾ, ഡീസൽ, പാചകവാതകം, മണ്ണെണ്ണ തുടങ്ങിയവയുടെ നികുതിയിനത്തിൽ ലഭിച്ച വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിനുളളിൽ ഇവ ഓരോന്നിനും ഏതെല്ലാം തീയതികളിൽ എന്ത് തുകവീതം വർദ്ധനവ് ഏർപ്പെടുത്തപ്പെട്ടു;

(സി) നിലവിൽ ഇവ ഓരോന്നിന്റെയും വില എത്ര; നികുതി ഇനത്തിൽ ലഭിക്കുന്നത് എത്ര ശതമാനം വീതം; എന്ത് തുക; ഇവ വ്യക്തമാക്കുമോ;

(ഡി) ഇവ ഓരോന്നിന്റെയും നികുതി ഇനത്തിൽ തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന മൊത്തം വരുമാനം എത്രതുകയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പെട്രോൾ-ഡീസൽ-പാചകവാതക വിലവർദ്ധനവ്</u>

T.617 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര തവണ സംസ്ഥാനത്ത് പെട്രോൾ-ഡീസൽ-പാചകവാതക വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ തവണ വില വർദ്ധിപ്പിച്ച തീയതിയും, ഉണ്ടായ വിലവർദ്ധനവും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഏറ്റവും ഒടുവിലത്തെ വർദ്ധന എത്രയായിരുന്നു; പ്രസ്തുത വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാനനികുതി വേണ്ടെന്നു വയ്ക്കുകയുണ്ടായോ; ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സിമന്റിന്റേയും കമ്പിയുടേയും വില്പനയിലൂടെ ലഭിച്ച നികുതി

618 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിമന്റിന്റേയും കമ്പിയുടേയും വില്പനയിലൂടെ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച നികുതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നികുതി വെട്ടിച്ചുകൊണ്ട് സംസ്ഥാനത്തിന് പുറത്തുനിന്ന് സിമന്റും കമ്പിയും കൊണ്ടുവരുന്നത് സംബന്ധിച്ച് ആക്ഷേപങ്ങളും വാർത്തകളും ഉണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത കാലയളവിൽ വിലയിലും ഉപഭോഗത്തിലും ഉണ്ടായ വർദ്ധനയ്ക്കനുസൃതമായി നികുതിയിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടു ണ്ടോ; വിശദമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം സിമന്റ്, കമ്പി എന്നിവയുടെ നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരുമാനം എത്ര തുകയാ യിരുന്നു; ലഭിച്ചതെത്ര; നടപ്പു വർഷത്തിന്റെ ആദ്യ പകു തിയിൽ പ്രതീക്ഷിച്ച നികുതി വരുമാനം എത്ര; ലഭിച്ചതെത്ര ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>അൽബറാക് ഇസ്ലാമിക് ബാങ്ക്</u>

619 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.ബി.ഐ. അനുമതിയോടുകൂടി പ്രവർത്തനം ആരംഭിച്ച അൽബറാക് എന്ന ഇസ്ലാമിക് ബാങ്കിൽ നിന്നും ഗവൺമെന്റിന്റെ ഏതെങ്കിലും സ്ഥാപനം ഏതെങ്കിലും പദ്ധതിക്ക് വായ്പ/ഡിപ്പോസിറ്റ് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനം, ഏതെല്ലാം പദ്ധതിക്ക്, എന്തുതുക വീതം വായ്പയായിട്ടോ മറ്റേതെങ്കിലും മാർഗ്ഗമായോ എടുക്കാൻ ഉദ്ദേശിക്കുന്നു;

(സി) അൽബറാക് പദ്ധതികളിൽ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സര്‍ക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പണമിടപാടുകള്‍ ബാങ്കുകള്‍ മുഖേന നടത്തുവാനുള്ള നടപടി</u>

620 ശ്രീ. വി. ശിവന്‍കുട്ടി
'' കെ. കുഞ്ഞമ്മത് മാസ്റ്റര്‍
'' ആര്‍. രാജേഷ്
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പണമിടപാടുകള്‍ ട്രഷറിയില്‍ നിന്നും പൂര്‍ണ്ണമായും മാറ്റുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സര്‍ക്കാരിന്റെ നയമാണോ; എങ്കില്‍ ഈ നയം സംസ്ഥാനത്തിന്റെ പൊതുവായ എന്ത് താല്‍പര്യമാണ് പ്രകടിപ്പിക്കുന്നത്, വ്യക്തമാക്കാമോ;

(സി) ശമ്പളം ഉള്‍പ്പെടെ ഒരു ആനുകൂല്യവും ട്രഷറി വഴി നല്‍കേണ്ടതില്ലെന്ന നിലയില്‍ ചിന്തിപ്പിക്കാന്‍ പ്രേരിപ്പിച്ച ഘടകങ്ങള്‍ എന്താണ്; വിദഗ്ദ്ധ പഠനത്തിന്റെയും ശുപാര്‍ശയുടെയും പിന്‍ബലം ഈ തീരുമാനത്തിനുണ്ടോ; വിശദമാക്കാമോ;

(ഡി) സ്വകാര്യ മേഖലയിലുള്‍പ്പെടെയുള്ള ഏതെല്ലാം ബാങ്കുകളാണ് ഇതിനായി സര്‍ക്കാരിനെ സമീപിച്ചിരിക്കുന്നത്;ആര്‍ക്കെല്ലാം അനുമതി നല്‍കിയിട്ടുണ്ട്; കഴിഞ്ഞ സാമ്പത്തിക വര്‍ഷം ട്രഷറി മുഖേന എന്ത് തുകയുടെ ഇടപാടുകളാണ് നടന്നിരുന്നത്;

(ഇ) നിലവിലുള്ള തീരുമാനം വഴി ട്രഷറി മുഖേന നടത്തി വരുന്ന ശരാശരി എന്ത് തുകയുടെ ഇടപാടാണ് പ്രതിവര്‍ഷം ബാങ്കുകള്‍ വഴിയാകാന്‍ പോകുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ട്രഷറികളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ</u>

621 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ;

(ബി) കൊട്ടാരക്കര ജില്ലാ ട്രഷറിയിൽ ജനറേറ്റർ സൗകര്യമില്ലാത്തതിനാൽ പെൻഷനേഴ്സ് പല സമയങ്ങളിലും കഷ്ടത നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊട്ടാരക്കര ജില്ലാ ട്രഷറിയിൽ ജനറേറ്റർ സൗകര്യം ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ട്രഷറി ബാലൻസ്</u>

622 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ട്രഷറിയിൽ ഉണ്ടായിരുന്ന ബാക്കി തുക എത്രയായിരുന്നു;

(ബി) നടപ്പ് വർഷത്തിൽ ട്രഷറിയിൽ ഏറ്റവും കുറവ് തുക ഉണ്ടായിരുന്നത് എന്നായിരുന്നു; പ്രസ്തുത തുക എത്രയായിരുന്നു?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം, വള്ളിക്കുന്നിൽ പുതിയ ട്രഷറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

623 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ട്രഷറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിൽ എത്ര ട്രഷറികളുണ്ട്;

(സി) കാലിക്കറ്റ് യൂണിവേഴ്സിറ്റി, എയർപോർട്ട് തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തേഞ്ഞിപ്പാലം/ചേളാരി കേന്ദ്രമാക്കി ട്രഷറി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഒരു ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന ലോട്ടറി</u>

624 ശ്രീ. കെ. രാധാകൃഷ്ണന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, സി. കൃഷ്ണന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്യ സംസ്ഥാന ലോട്ടറികളുമായി ലോട്ടറി മാഫിയ വീണ്ടും എത്തിയിരിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇവര്‍ക്കെതിരെ നടപടി സ്വീകരിക്കാന്‍ തയ്യാറാകുമോ;

(ബി) നിയമലംഘനം നടത്തുന്നവര്‍ക്കെതിരെ കേന്ദ്ര സര്‍ക്കാരിനെക്കൊണ്ട് നടപടി സ്വീകരിപ്പിക്കാന്‍ സാധ്യമായിട്ടുണ്ടോ; ആയതിനായി കേന്ദ്ര സര്‍ക്കാരിനോട് ആവശ്യപ്പെടുകയുണ്ടായെങ്കില്‍ നിലപാട് അനുകൂലമായിരുന്നോ; വിശദമാക്കാമോ;

(സി) നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം സംസ്ഥാനത്തിന് ലഭിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മുന്‍ സര്‍ക്കാര്‍ ആയതിനായി കേന്ദ്ര സര്‍ക്കാരിനോടഭ്യര്‍ത്ഥിച്ചിട്ടുള്ളതായറിയാമോ;

(ഡി) കേരള ലോട്ടറിയെ സംരക്ഷിച്ച് വ്യാജ ലോട്ടറി നിര്‍മാര്‍ജ്ജനം ചെയ്യാന്‍ ഉതകുന്ന നിയമം നിര്‍മ്മിക്കാന്‍ കേന്ദ്രത്തില്‍ സമ്മര്‍ദ്ദം ചെലുത്തുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ലോട്ടറി ടിക്കറ്റുകളുടെ അച്ചടിയും വിതരണവും</u>

625 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി ഏജൻസി ലഭിക്കുന്നതിലേക്ക് ലോട്ടറി ഡയറക്ടർ ഓഫീസിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ലോട്ടറി ടിക്കറ്റ് ആവശ്യാനുസരണം പ്രിന്റ് ചെയ്ത് വിതരണം ചെയ്യാൻ സാധിക്കാതിരിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ ; വിശദമാക്കാമോ ;

(സി) ആവശ്യത്തിനനുസരിച്ച് യഥാസമയം ടിക്കറ്റ് നല്കാൻ കഴിയുംവിധം ടിക്കറ്റുകളുടെ അച്ചടി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന ലോട്ടറി മാഫിയ</u>

626 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ലോട്ടറി മാഫിയ വീണ്ടും ശക്തമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത ലോട്ടറി വില്പനയും ഇടപാടുകളും സംബന്ധിച്ച് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ മൊത്തമായി വാങ്ങി സംസ്ഥാനത്തിന് പുറത്ത് കൊണ്ടുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കള്ളപ്പണക്കാർക്ക് ലോട്ടറി സമ്മാനങ്ങളിലൂടെ കള്ളപ്പണം വെളുപ്പിക്കാൻ ഈ രംഗത്ത് പ്രവൃത്തിക്കുന്ന മാഫിയകൾ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിൽ വെളിവായ വസ്തുതകൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറി വഴിയുള്ള വരുമാനം</u>

627 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി വഴി നാളിതുവരെ സമാഹരിക്കപ്പെട്ട തുക സംബന്ധിച്ച് വിശദമാക്കുമോ;

(ബി) കാരുണ്യ ലോട്ടറി വഴി സമാഹരിക്കപ്പെട്ട തുകയിൽനിന്ന് ചികിത്സാ സഹായമായി ഓരോ ജില്ലയിലും നാളിതുവരെ ചെലവഴിക്കപ്പെട്ട തുക എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷയിന്മേൽ എത്ര കേസ്സുകൾ ഓരോ ജില്ലയിലും സഹായം നൽകുന്നതിനായി അവശേഷിക്കുന്നുണ്ട്; അപേക്ഷകരുടെ എണ്ണവും ആവശ്യമായ സഹായ തുകയും സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) കാരുണ്യ ലോട്ടറി ആദ്യമായി ആരംഭിച്ചത് എന്ന് മുതലായിരുന്നു; നാളിതുവരെ എത്ര ലോട്ടറി പ്രസ്തുത പദ്ധതിയിൻകീഴിൽ നടത്തിയിട്ടുണ്ട്; ശരാശരി ഒരു ലോട്ടറിയിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ഡയാലിസിസ് സെന്റർ</u>

628 ശ്രീ. കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വൃക്ക രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കാരുണ്യ ബനവലന്റ് പദ്ധതി

629 ശ്രീ. റ്റി. യു. കുരുവിള
'' സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ നാളിതുവരെ എത്ര പേർക്ക് ചികിത്സാ സഹായം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അർഹതപ്പെട്ട ബി. പി. എൽ ക്കാർക്ക് ആവശ്യമായി വരുന്ന പക്ഷം കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി ഉണ്ടാകുമോ;

(സി) കാരുണ്യ ബനവലന്റ് പദ്ധതി വിപുലപ്പെടുത്തുന്നതിന് നടപടിയുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കാരുണ്യ ബനവലന്റ് പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

കാരുണ്യ ബെനവലന്റ് ഫണ്ട്

630 ശ്രീ.റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടില്‍ നിന്നും ഇതുവരെ എന്തു തുകയാണ് ചികിത്സാ ധനസഹായമായി നല്‍കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രോഗങ്ങള്‍ക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ടില്‍ നിന്നും സഹായം നല്‍കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഹോസ്റ്റലുകളാണ് കാരുണ്യ ബെനവലന്റ് സ്കീമില്‍ രജിസ്റ്റര്‍ ചെയ്തിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര പേര്‍ക്ക് ഇതുവരെ സഹായം നല്‍കിയിട്ടുണ്ട്; പരമാവധി ധനസഹായമായി എന്തു തുക എത്ര പേര്‍ക്കാണ് അനുവദിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കാരുണ്യ ചികിത്സാ സഹായം

631 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ സഹായം 2011-12, 2012-13, വർഷങ്ങളിൽ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനായി, പ്രത്യേക ചെലവ് എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് ഓരോ വർഷവും എത്ര വീതമായിരുന്നു;

(ബി) 2011-12 ലും 2012-13 ലും 'കാരുണ്യ' പദ്ധതി പ്രകാരം മൊത്തം എന്ത് തുക വീതം നൽകുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഡയാലിസിസ് കേന്ദ്രങ്ങളെ കാരുണ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

632 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഡയാലിസിസ് കേന്ദ്രങ്ങളെ കാരുണ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരിയിലെ പുതിയ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ തുടങ്ങുന്ന ഡയാലിസിസ് യൂണിറ്റിൽ കാരുണ്യ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡയാലിസിസിനായി കോഴിക്കോട്, തൃശ്ശൂർ, പെരിന്തൽമണ്ണ തുടങ്ങി 50 കി.മി. അധികം യാത്ര ചെയ്യേണ്ടിവരുന്ന രോഗികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത കേന്ദ്രത്തിൽ കാരുണ്യ പദ്ധതിയുടെ ധനസഹായം രോഗികൾക്ക് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മംഗല്യനിധി പദ്ധതി</u>

633 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി മംഗല്യനിധി പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിൽ അപേക്ഷ നൽകുവാനുളള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; ധനസഹായം ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടോ; പരമാവധി എന്ത് തുകയാണ് അനുവദിക്കുക;

(ബി) മംഗല്യനിധിയിലേയ്ക്കായി ഓഡിറ്റോറിയങ്ങളിൽ നടക്കുന്ന വിവാഹങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കുന്ന സമ്പ്രദായം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഓഡിറ്റോറിയം ഉടമയാണോ ബന്ധപ്പെട്ട കക്ഷികളാണോ പ്രസ്തുത തുക അടയ്ക്കേണ്ടത്; ഇത് ഓരോ ജില്ലയിലും എവിടെയാണ് അടയ്ക്കേണ്ടത്;

(സി) സ്ഥലപരിമിതി മൂലം പാവപ്പെട്ടവർക്ക് വിവാഹങ്ങൾ നടത്തുന്നതിന് ഓഡിറ്റോറിയങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിനാൽ അവരെ അതിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നഗര-ഗ്രാമങ്ങളിലുളള ഓഡിറ്റോറിയങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ എത്രയാണ്; പഞ്ചായത്തിൽ താമസിക്കുന്നവർ നഗരസഭാ പരിധിയിലെ ഓഡിറ്റോറിയത്തിൽ വിവാഹം നടത്തിയാൽ ഏതുതരം ഫീസാണ് ഒടുക്കേണ്ടിവരിക; വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

'മംഗല്യനിധി' യിലേക്ക് പിരിഞ്ഞു കിട്ടിയ തുക

634 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'മംഗല്യനിധി' - യിലേയ്ക്ക് ഓഡിറ്റോറിയം, ഹോട്ടൽ എന്നിവയിൽനിന്ന് നാളിതുവരെ പിരിഞ്ഞു കിട്ടിയ തുക എത്രയാണ്; എന്ത് തുക ഇതുവരെ ചിലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക ഇന്‍ഷുറന്‍സ് പദ്ധതി</u>

635 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൃഷിക്കാരെയും ഉള്‍പ്പെടുത്തിക്കൊണ്ട് അപകട ഇന്‍ഷുറന്‍സും പെന്‍ഷന്‍ ആനുകൂല്യങ്ങളും ഉള്‍പ്പെടുത്തി കാര്‍ഷിക ഇന്‍ഷുറന്‍സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഇന്‍ഷുറന്‍സ് പദ്ധതി എന്നുമുതല്‍ നിലവില്‍ വന്നു; ഏത് ഇന്‍ഷുറന്‍സ് കമ്പനി വഴിയാണ് ഇതു നടപ്പിലാക്കുന്നത്; എത്ര കൃഷിക്കാര്‍ ഇതിനകം സ്കീമില്‍ ചേരുകയുണ്ടായി; പ്രീമിയം ഇനത്തില്‍ എന്തു തുക ഇതിനകം സര്‍ക്കാര്‍ അടച്ചു;

(സി) ഇന്‍ഷുറന്‍സ് പദ്ധതിയില്‍നിന്നും ഇതിനകം എത്ര കൃഷിക്കാര്‍ക്ക് ആനുകൂല്യങ്ങള്‍ ലഭിക്കുകയുണ്ടായി; മൊത്തം എന്തു തുകയുടെ ആനുകൂല്യം ലഭിക്കുകയുണ്ടായി;

(ഡി) സര്‍ക്കാരിന് നാളിതുവരെയുണ്ടായ പ്രസ്തുത ഇനത്തിലെ ചെലവെത്ര?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി

636 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 2006-07 സാമ്പത്തിക വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും ലഭിച്ച വരുമാനം എത്രയായിരുന്നു; നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച വരുമാനം എത്ര; മുൻവർഷത്തെ അപേക്ഷിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ മൊത്തം എന്ത് തുകയുടെ കുറവ് നടപ്പ് സാമ്പത്തിക വർഷം ഇതിനകം ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>മുദ്രപത്രങ്ങളുടെ ദൗർലഭ്യം</u>

637 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 100 രൂപയുടെ മുദ്രപത്രം കിട്ടാനില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വസ്തു വിൽപനകരാറുകൾക്കും, പഞ്ചായത്തുകളിലെ നിർമ്മാണ കരാറുകൾക്കും 100 രൂപയുടെ മുദ്രപത്രം അത്യാവശ്യമായതിനാൽ, മുദ്രപത്ര ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ. എസ്.എഫ്.ഇ പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി</u>

638 ശ്രീ. ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, വി. ഡി. സതീശൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികളുടെ ഉന്നത വിദ്യഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം</u>

639 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെ. എഫ്. സി. യുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കാൻ പദ്ധതിയുണ്ടോ;

(സി) നിലവിലുള്ള ഇടപാടുകാരെ സഹായിക്കാനായി കെ. എഫ്. സി. എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ധനകാര്യ സ്ഥാപനങ്ങളിൽ കാർഷിക വായ്പ

640 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യസ്ഥാപനങ്ങളിൽ കാർഷിക വായ്പയ്ക്ക് എത്ര ശതമാനം പലിശ ഈടാക്കുന്നു;

(ബി) കെ.എസ്.എഫ്.ഇ, കെ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന കാർഷിക വായ്പ നൽകുന്നുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ലീഗൽ സർവ്വീസ് അതോറിറ്റി</u>

641 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ</u>

642 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇപ്പോൾ തിരുവനന്തപുരത്തു പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ട്രിബ്യൂണലിൽ ആവശ്യമായ ജഡ്ജിമാരുടെ എണ്ണം എത്രയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ഇപ്പോൾ പ്രവർത്തിക്കുന്നവർ എത്രയാണെന്നും അറിയിക്കാമോ ;

(സി) ട്രിബ്യൂണലിൽ ആവശ്യമായ അനുബന്ധ ജീവനക്കാർ എത്രയാണെന്നും നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ എത്രയാണെന്നും അറിയിക്കുമോ ;

(ഡി) ട്രിബ്യൂണലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>അഫോർഡബിൾ ഹൗസിംഗ് സ്കീം</u>

643 ശ്രീ. ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഫോർഡബിൾ ഹൗസിംഗ് സ്കീമിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്കീമിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആൾത്താമസമില്ലാത്ത വീടുകൾ</u>

644 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനവാസമില്ലാത്ത വീടുകളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആകെ എത്ര വാസയോഗ്യ ഗൃഹങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ; അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ?

(സി) ഫ്ളാറ്റുകളിൽ നല്ല ശതമാനം ഒഴിഞ്ഞുകിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നിശ്ചലമായിക്കിടക്കുന്ന മുതൽമുടക്കിനെ ഉപയോഗപ്രദമാക്കി ഉടമയ്ക്കും സംസ്ഥാനത്തിനും ഒരുപോലെ പ്രയോജനപ്രദമാകുന്ന പദ്ധതികളെക്കുറിച്ച് പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കൽപ്പറ്റ, പിണങ്ങോട് ലക്ഷം വീട് കോളനിയുടെ ശോചനീയാവസ്ഥ

645 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പിണങ്ങോട് ലക്ഷം വീട് കോളനിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അപകടാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?